# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 44/2019(88), വെള്ളിയാഴ്ച്ച — **തീയ്യതി** 01.11.2019

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 66.3 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 30.1 മുതൽ 32.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 19.8 മുതൽ 21.7 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 77 മുതൽ 97 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 53 മുതൽ 85 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.9 മുതൽ 9.0 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.7 മുതൽ 8.0 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.8 മുതൽ 3.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 02.11.2019 | 03.11.2019 | 04.11.2019 | 05.11.2019 | 06.11.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 4 | 8 | 10 | 10 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 22 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 5 | 6 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 240 | 270 | 320 | 320 | 240 |
| മേഘവ്യാപ്തി (ഒക്ട) | 3 | 4 | 7 | 3 | 1 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിലുള്ള മഴയ്ക്ക് സാധ്യത. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | ഗാളീച്ച | ഈ പ്രത്യേക കാലാവസ്ഥയിൽ നെല്ലിൽ ഗാളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിന് മുൻകരുതലായി ഞാറിന്റെ വേരുഭാഗം 0.02% വീര്യമുള്ള ക്ലോർപൈറിഫോസ് ലായനിയിൽ 12 മണിക്കൂർ നേരത്തേക്ക് മുക്കിവച്ചതിനു ശേഷം നടുക. |
| വാഴ | - | വാഴയിൽ കാൽസ്യത്തിന്റെ അഭാവം മൂലം ഇല ചുരുണ്ടുവരുന്നതായി കാണാം. ഇതിനു പരിഹാരമായി 250 ഗ്രാം കുമ്മായം ഓരോ വാഴയ്ക്കും ചുവട്ടിലും ഇട്ടു കൊടുക്കുക. |
| പച്ചക്കറികൾ | - | കാബേജ്, കോളിഫ്ളവർ എന്നിവയുടെ വിത്തുകൾ തവാരണകളിൽ പാകി മുളപ്പിക്കാൻ അനുയോജ്യമായ സമയമാണ്. കാബേജ്, കോളിഫ്ളവർ മുതലായ പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ സ്യൂഡോമോണാസ് കൾച്ചർ ചേർക്കുന്നതുവഴി കുമിൾരോഗങ്ങൾ ഒരു പരിധി വരെ തടയാവുന്നതാണ്. |
| മൃഗസംരക്ഷണം | ഇടിമിന്നൽ ഏൽക്കാൻ സാധ്യത ഉള്ളതിനാൽ മൃഗങ്ങളെ തുറസായ സ്ഥലങ്ങളിൽ മേയാൻ അനുവദിക്കാതിരിക്കുക. (CAADECCS, KVASU മണ്ണുത്തി) | |